(സി-ഇ) കൊച്ചിയിൽനിന്നും കൊളംബോയിലേക്ക് യാത്രാ കപ്പൽ സർവ്വീസ് ഒരു സ്വകാര്യ ഏജൻസിയുടെ പങ്കാളിത്തത്തോടെ നടത്തുവാനുള്ള പദ്ധതി തയ്യാറാക്കി ആയത് അംഗീകാരത്തിനായി കപ്പൽ ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിരിക്കുകയാണ്. 2004 ഫെബ്രുവരി മാസത്തോടുകൂടി സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും മേൽപ്പറഞ്ഞ അനുവാദം ലഭിക്കാത്തതു മൂലം സർവ്വീസ് ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ബർത്തിംഗ്, യാത്രക്കാരുടെ ലഗേജ്, കസ്റ്റംസ് ക്ലിയറൻസ് എന്നിവയ്ക്കുള്ള സൗകര്യത്തിനുവേണ്ടി സംസ്ഥാന തുറമുഖ വകുപ്പിനേയും സമീപിച്ചിട്ടുണ്ട്. പ്രസ്തുത അനുമതികൾ ലഭിച്ചാലുടൻ തന്നെ കപ്പൽ സർവ്വീസ് തുടങ്ങുന്നതിന് സ്വകാര്യ ഏജൻസി തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്.

പ്രവർത്തന രഹിതവും ക്ഷയോൻമുഖവുമായ പ്രാഥമിക സഹകരണ സംഘങ്ങൾ

133 [2260] ശ്രീ.എം. കെ. പോൾസൺമാസ്റ്റർ:

„ എ. സുജനപാൽ:

„ ശ്രീമതി രാധാരാഘവൻ:

„ ശ്രീ. ഡൊമനിക് പ്രസന്റേഷൻ:

„ ലൂഡീലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര പ്രാഥമിക സഹകരണ സംഘങ്ങൾ പ്രവർത്തന രഹിതമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവർത്തന രഹിതവും ക്ഷയോൻമുഖവുമായ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ അവയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) 538 പ്രാഥമിക സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തന രഹിതമാണ്.

(ബി) ഉണ്ട്. കേരള സഹകരണ വെൽഫെയർ ആന്റ് ഡവലപ്പ്മെന്റ് ബോർഡ് മുഖാന്തിരം ക്ഷയോന്മുഖമായ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ, പ്രത്യേക പുനരുജ്ജീവനപദ്ധതി മുഖേന നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കും വനിതാ സഹകരണ സംഘങ്ങൾക്കും മാക്രോമാനേജ്മെന്റ് പദ്ധതിയും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും കൺസ്യൂമർ സംഘങ്ങൾക്കും മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾക്കും പുനരുദ്ധാരണത്തിനായി ഓഹരിയിനത്തിൽ പ്രത്യേക ധനസഹായ പദ്ധതിയും നിലവിലുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം, പുനരുദ്ധാരണത്തിനായി തയ്യാറാക്കുന്ന പദ്ധതിയുടെ പരമാവധി 65 ശതമാനം (സബ്സിഡി-20, ശതമാനം ഓഹരി 20 ശതമാനം, വായ്പ 25 ശതമാനം) ധനസഹായമായി നൽകാനുള്ള പദ്ധതി നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly